**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3295** **15-02-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആഫീസുകൾക്ക് വാടകയ്ക്ക് കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സ്വന്തമായി കെട്ടിടം ഇല്ലാത്ത സർക്കാർ ഓഫീസുകൾക്ക്, വാടകയ്ക്ക് കെട്ടിടം ഏറ്റെടുക്കുമ്പോൾ വാടക നിശ്ചയിക്കുന്ന നടപടി ക്രമങ്ങളുടെ വിശദാംശം അറിയിക്കാമോ; | (എ) | സ്വന്തമായി കെട്ടിടം ഇല്ലാത്ത സർക്കാർ ഓഫീസുകൾക്ക് സ്വകാര്യ വ്യക്തികളുടെ കെട്ടിടം വാടകയ്ക്ക് ഏറ്റെടുക്കുമ്പോൾ വാടക നിശ്ചയിക്കുന്ന നടപടി ക്രമങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.<br><br>സർക്കാർ ഉത്തരവ് നം. G.O(Ms) No. 01/2022/PWD തീയതി 10/01/2022 പ്രകാരമാണ് നിലവിൽ വാടക നിർണ്ണയം നടത്തുന്നത്. ഇതിനായി ഒക്യുപെയിംഗ് ഡിപ്പാർട്ട്മെന്റ് താഴെ പറയുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ്.<br><br>1. പെർഫോമ ( to be signed by the owner of the building and Client Department)<br><br>2. ലാന്റ് വാല്യൂ സർട്ടിഫിക്കറ്റ് (Original Signed by Thahasildar)<br><br>3. കാലപ്പഴക്കം നിർണ്ണയ സർട്ടിഫിക്കറ്റ് (Original from Local Body Panchayath / Municipality /Corporation)<br><br>4. ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്<br><br>5. കെട്ടിടത്തിന്റെ പ്ലാൻ (രജിസ്റ്റേഡ് ഇൻസ്റ്റിറ്റ്യൂഷൻ/ആർക്കിടെക്ട്/എഞ്ചിനീയർ<br><br>/ടൗൺ പ്ലാനർ/സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തിയത്)<br>6. അഡ്മിസിബിൾ ഏരിയ കാൽക്കുലേഷൻ ഷീറ്റ് (രജിസ്റ്റേഡ് ഇൻസ്റ്റിറ്റ്യൂഷൻ/ആർക്കിടെക്ട്/എഞ്ചിനീയർ/ ടൗൺപ്ലാനർ, സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തിയത്)<br><br>7. സൈറ്റ് പ്ലാൻ (രജിസ്റ്റേഡ് ഇൻസ്റ്റിറ്റ്യൂഷൻ ആർക്കിടെക്ട്/ എഞ്ചിനീയർ/ടൗൺ |

| | | | |
|---|---|---|---|
| | | | പ്ലാനർ/ സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തിയത്)<br><br>8. പ്ലിന്ത് ഏരിയ & കാർപെറ്റ് ഏരിയ കാൽക്കുലേഷൻ ഷീറ്റ് (രജിസ്റ്റേഡ്<br><br>ഇൻസ്റ്റിറ്റ്യൂഷൻ/ആർക്കിടെക്റ്റ്/എഞ്ചിനീയർ / ടൗൺപ്ലാനർ/സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തിയത്)<br><br>9. ലൈസെൻസിന്റെ പകർപ്പ് രജിസ്റ്റേഡ് ഇൻസ്റ്റിറ്റ്യൂഷൻ/ആർക്കിടെക്റ്റ്/എഞ്ചിനീയർ ടൗൺ പ്ലാനർ/ സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തിയത്)<br><br>10. ഒക്യുപെയിംഗ് ഡിപ്പാർട്ട്മെന്റിലെ ഗസറ്റഡ്/ നോൺ ഗസറ്റഡ്, സ്റ്റാഫ് പാറ്റേൺ<br><br>11. ഓഫീസ് റിക്വയർമെന്റ്സ്<br><br>12. നോൺ അവൈയിലിബിലിറ്റി സർട്ടിഫിക്കറ്റ് (NAC)<br><br>13. റന്റ് സർട്ടിഫിക്കറ്റ് (PWD യുടെ) |
| (ബി) | കിഫ്ബി, കെ-ഡിസ്ക് ഉടങ്ങിയ സർക്കാർ അനുബന്ധ സ്ഥാപനങ്ങളും ഏജൻസികളും കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കുമ്പോൾ മേല്പറഞ്ഞ മാനദണ്ഡങ്ങൾ പാലിക്കാറുണ്ടോ; ഉണ്ടെങ്കിൽ കിഫ്ബി, കെ-ഡിസ്ക് എന്നീ സ്ഥാപനങ്ങൾ വാടകയ്ക്ക് എടുത്ത കെട്ടിടങ്ങൾക്ക് നാളിതുവരെ വാടക നിർണ്ണയിച്ച് നൽകിയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ബി) | പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയ്ക്ക് വരുന്ന കെട്ടിട വാടക സംബന്ധിച്ച അപേക്ഷകളിൽ ഈ നിബന്ധനകൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ